REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 04-10-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി.
- പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക കോൺക്ലേവിന്റെ മൂന്നാം പതിപ്പിനെ അഭിസംബോധന ചെയ്യും.
- നിയമസഭാ സമ്മേളനം ഇന്നാരംഭിക്കും. വയനാട്, കോഴിക്കോട് വിലങ്ങാട് ദുരന്തങ്ങളിൽ മരിച്ചവർക്ക് സഭ ഇന്ന് ആദരാഞ്ജലി അർപ്പിക്കും.
- സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി ആദ്യ വാരം തിരുവനന്തപുരത്ത് നടത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി
- 56 വർഷം മുൻപ് വിമാന അപകടത്തിൽ വീരമൃത്യു വരിച്ച സൈനികൻ തോമസ് ചെറിയാന്റെ ഭൗതിക ശരീരം പത്തനംതിട്ട ഇലന്തൂരിൽ ഉച്ചകഴിഞ്ഞ് സംസ്കരിക്കും.
- വനിതാ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും.

## വാർത്തകൾ വിശദമായി

**കാർഷിക - നഗരവികസന - ഊർജരംഗങ്ങളിലെ പുരോഗതിയും കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമവും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി.**

**ആഭ്യന്തര എണ്ണക്കുരു ഉൽപാദനം വർധിപ്പിക്കാൻ ദേശീയദൗത്യം, കർഷക ക്ഷേമത്തിന് പ്രധാൻമന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന - കൃഷോന്നതി പദ്ധതികൾ, ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ടം, റെയിൽവേ, തുറമുഖ, ഡോക്ക് ലേബർ ജീവനക്കാർക്ക് ബോണസ്, ഇന്ത്യയെ അന്താരാഷ്ട്ര ഊർജ കാര്യക്ഷമതാ ഹബ്ബിൽ ഭാഗമാക്കുന്നതിന് ധാരണാപത്രം, അഞ്ച് ഭാഷകൾക്കുകൂടി ശ്രേഷ്ഠഭാഷാപദവി തുടങ്ങിയ സുപ്രധാന തീരുമാനങ്ങളാണ് കേന്ദ്രമന്ത്രിസഭ യോഗത്തിൽ എടുത്തത്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**-------------(വോയ്സ്)--------------**

**ആഭ്യന്തര എണ്ണക്കുരു ഉൽപ്പാദനം വർധിപ്പിക്കുന്നതിനും ഭക്ഷ്യ എണ്ണകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിടുന്ന ദേശീയ ദൗത്യത്തിന് 10,103 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പുസാമ്പത്തികവർഷം മുതൽ 2030-31 വരെ ഏഴ് വർഷ കാലയളവിലാണ് ദൗത്യം നടപ്പാക്കുക.**

**ഒരുലക്ഷം കോടിയിലേറെ രൂപ ചെലവിലാണ് പ്രധാൻമന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജനയും കൃഷോന്നതി യോജനയും നടപ്പാക്കുക.**

**മൂന്ന് ഇടനാഴികൾ ഉൾക്കൊള്ളുന്ന ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാധവരം മുതൽ ഷോളിങ്ങനല്ലൂർ 118.9 കിലോമീറ്ററിൽ 128 സ്റ്റേഷനുകളുണ്ടാവും.**

**പ്രധാന തുറമുഖങ്ങളിലെയും ഡോക്ക് ലേബർ ബോർഡിലെയും ജീവനക്കാർക്ക് ഉല്പാദനക്ഷമത അടിസ്ഥാനമാക്കി പാരിതോഷികം നൽകുന്ന പദ്ധതി പരിഷ്ക്കരിക്കാൻ 200 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.**

**അന്താരാഷ്ട്ര ഊർജ കാര്യക്ഷമതാ ഹബ്ബിൽ ചേരുന്നതിന് ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിലൂടെ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാനും അതുവഴി സുസ്ഥിര വികസനത്തിലൂടെ സുസ്ഥിര ഭാവിയും ഊർജസുരക്ഷയും ഉറപ്പാക്കാനും രാജ്യത്തെ സഹായിക്കും.**

**മറാഠി, പാലി, പ്രാകൃത്, അസമീസ്, ബംഗാളി ഭാഷകൾക്കാണ് പുതുതായി ശ്രേഷ്ഠഭാഷാപദവി നൽകുന്നത്. നേരത്തെ തമിഴ്, സംസ്കൃതം, തെലുങ്ക്, കന്നഡ, മലയാളം, ഒഡിയ ഭാഷകൾക്ക് ശ്രേഷ്ഠഭാഷ പദവി നൽകിയിരുന്നു.**

✪✪✪

**പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക കോൺക്ലേവിന്റെ മൂന്നാം പതിപ്പിനെ അഭിസംബോധന ചെയ്യും. ഹരിത പരിവർത്തനത്തിന് ധനസഹായം നൽകൽ, ഭൗമ-സാമ്പത്തിക വിഘടനവും**

പ്രത്യാഘാതങ്ങളും, പ്രതിരോധശക്തി നിലനിർത്തുന്നതിനു നയ നടപടികൾ തുടങ്ങിയവ ചർച്ചയാകും.

ഇന്ത്യൻ സമ്പദ്ഘടനയെ സംബന്ധിച്ച സുപ്രധാന വിഷയങ്ങളിൽ ദേശീയ-അന്തർദേശീയ സാമ്പത്തികവിദഗ്ധരും നയ നിർമാതാക്കളും ചർച്ച നടത്തും.

ധന മന്ത്രാലയവുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത് സംഘടിപ്പിക്കുന്ന കൗടില്യ സാമ്പത്തിക കോൺക്ലേവ് ഞായറാഴ്ച സമാപിക്കും.

✪✪✪

ഹരിയാനയിൽ നാളെ നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി. പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. 90 അംഗ നിയമസഭയിലേക്കു ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്.

930 പുരുഷന്മാരും 101 സ്ത്രീകളും ഉൾപ്പെടെ 1,031 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. രാവിലെ ഏഴിന് ആരംഭിക്കുന്ന പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും.

ഹരിയാനയിലെയും, മൂന്നു ഘട്ടങ്ങളിലായി വോട്ടെടുപ്പ് പൂർത്തിയാക്കിയ ജമ്മുകശ്മീരിലെയും ജനവിധി ചൊവ്വാഴ്ച അറിയാം.

✪✪✪

സംസ്ഥാന നിയമസഭാ സമ്മേളനം ഇന്നാരംഭിക്കും. വയനാട്, കോഴിക്കോട് വിലങ്ങാട് ദുരന്തങ്ങളിൽ മരിച്ചവർക്ക് ആദരാഞ്ജലി അർപ്പിച്ച് സഭ ഇന്ന് പിരിയും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

തിങ്കളാഴ്ച മുതൽ സഭ സമ്മേളിക്കുന്ന എട്ട് ദിവസങ്ങളിൽ ആറു ദിവസങ്ങൾ ഗവണ്മെന്റ് കാര്യങ്ങൾക്കും, രണ്ട് ദിവസങ്ങൾ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കുമായാണ് നീക്കിവച്ചിരിക്കുന്നത്. 18- ന് 15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം അവസാനിക്കും.

CPIM കക്ഷിരഹിതനായിരുന്ന നിലമ്പൂർ MLA PV അൻവറിനെ CPIM സാമാജികർക്ക് അനുവദിച്ച ബ്ലോക്കിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് CPIM പാർലമെന്ററി സെക്രട്ടറി TP രാമകൃഷ്ണൻ നിയമസഭാ സ്പീക്കർക്ക് കത്തു നൽകിയ സാഹചര്യത്തിൽ അൻവറിന്റെ ഇരിപ്പിടത്തിൽ മാറ്റം വരുത്തും.

ഒരു ദേശീയ പത്രത്തിന് മുഖ്യമന്ത്രി നൽകിയ അഭിമുഖം, തൃശൂർ പൂരം അലങ്കോലമാക്കൽ, PV അൻവർ ഉയർത്തിവിട്ട വിവാദങ്ങൾ, ഹേമ കമ്മിറ്റി

റിപ്പോർട്ട് തുടങ്ങി വിവിധ വിഷയങ്ങൾ നിയമസഭയിൽ പ്രതിപക്ഷം ഉന്നയിക്കുമെന്നതിനാൽ സമ്മേളനം പ്രക്ഷുബ്ധമാകാൻ ഇടയുണ്ട്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി ആദ്യ വാരം തിരുവനന്തപുരത്ത് നടത്തുമെന്ന് മന്ത്രി V. ശിവൻകുട്ടി അറിയിച്ചു . നേരത്തെ ഡിസംബർ മൂന്നു മുതൽ ഏഴു വരെ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. നാഷണൽ അച്ചീവ്മെന്റ് എക്സാം ഡിസംബർ നാലിന് നടക്കുന്ന സാഹചര്യത്തിലാണ് തീയതി മാറ്റിയതെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതനുസരിച്ച് സ്കൂൾ, ഉപജില്ല, ജില്ലാതല മത്സരങ്ങളും മാറ്റും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 15നകവും ഉപജില്ലാതല മത്സരങ്ങൾ നവംബർ 10നകവും ജില്ലാതല മത്സരങ്ങൾ ഡിസംബർ 3നകവും പൂർത്തിയാക്കും.

സ്കൂൾ ക്യാമ്പസുകൾ മാലിന്യ മുക്തമാക്കാൻ പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. നവംബർ ഒന്നോടെ 50 ശതമാനം സ്കൂളുകളെയും ഡിസംബർ 31 ഓടെ നൂറു ശതമാനം സ്കൂളുകളെയും ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കും. മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം നവംബർ 1ന് കുട്ടികളിലൂടെ വീടുകളിലെത്തിക്കും. ലഹരിമുക്ത ക്യാമ്പസാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. 100 ദിന കർമപരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിൽ 33ഉം തൊഴിൽ വകുപ്പിൽ 8 ഉം പ്രധാന പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖം കേന്ദ്രമാക്കി കാച്ച്മെന്റ് ഏരിയയും അസംബ്ളിംഗ് ക്ളസ്റ്ററും വികസിപ്പിക്കുമെന്ന് മന്ത്രി P.രാജീവ് പറഞ്ഞു. വിഴിഞ്ഞം തുറമുഖം സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഴിഞ്ഞം തുറമുഖത്തിന് ചുറ്റുമായി വ്യവസായ പ്രവർത്തനങ്ങളുടെ കേന്ദ്രം എന്ന നിലയിലാണ് കാച്ച്മെന്റ് ഏരിയ വികസിപ്പിക്കുക. തുറമുഖത്ത് ഘടകസാമഗ്രികൾ എത്തിച്ച് അസംബ്ളിംഗ് നടത്തി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുംവിധം അസംബ്ളിംഗ് യൂണിറ്റുകളുടെ ക്ളസ്റ്ററും വികസിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

തുറമുഖത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുകയാണെന്ന് പി.രാജീവ് പറഞ്ഞു. കിൻഫ്ര പാർക്കും പരിഗണനയിലാണ്. പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റിയും വിഴിഞ്ഞവും ബന്ധപ്പെടുത്തുന്നതിന് സാധ്യതകൾ ആരായുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

റവന്യൂ വകുപ്പിന്റെ സേവനങ്ങൾ അതിവേഗം ജനങ്ങളിലേക്കു എത്തിക്കുകയാണ്, ആധുനികവത്കരണത്തിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി K.രാജൻ പറഞ്ഞു. പാറശാല നിയോജക മണ്ഡലത്തിലെ ഒറ്റശേഖരമംഗലം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ATM മാതൃകയിൽ റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ചിപ്പ് ഘടിപ്പിച്ച കാർഡിലൂടെ ലഭ്യമാക്കുന്ന 'റവന്യൂ കാർഡ്' എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനു തയ്യാറെടുപ്പിലാണ് വകുപ്പെന്നു മന്ത്രി അറിയിച്ചു.

✪✪✪

56 വർഷം മുൻപ് വിമാന അപകടത്തിൽ വീരമൃത്യു വരിച്ച സൈനികൻ തോമസ് ചെറിയാന്റെ ഭൗതിക ശരീരം ഔദ്യോഗിക ബഹുമതികളോടെ ജന്മനാടായ പത്തനംതിട്ടയിലെ ഇലന്തൂരിൽ ഇന്ന് സംസ്കരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ

.....(വോയ്സ്) ...................

✪✪✪

മുഖ്യമന്ത്രിയുടെ നവകേരള യാത്രയ്ക്കിടെ ആലപ്പുഴയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വളഞ്ഞിട്ട് ആക്രമിച്ച കേസിൽ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥൻമാരായ ഗൺമാൻമാർക്ക് ക്രൈംബ്രാഞ്ചിന്റെ ക്ലീൻ ചിറ്റ്. കേസ് അവസാനിപ്പിക്കണമെന്ന് കാണിച്ച് ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകി.

ഗൺമാൻമാർ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദിക്കുന്ന ദൃശ്യങ്ങൾ ലഭിച്ചില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. മുഖ്യമന്ത്രിക്ക് സുരക്ഷ ഒരുക്കുക മാത്രമാണ് ഉദ്യോഗസ്ഥർ ചെയ്തതെന്നും, പരാതി വ്യാജമെന്നും പോലീസ് കോടതിയിൽ അറിയിച്ചു.

✪✪✪

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ഭരണസമിതിയെ പിരിച്ചുവിട്ട ഗവൺമെന്റ് നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു. കോൺഗ്രസ്സിലെ C.Kഷാജിമോഹൻ പ്രസിഡന്റായ ഭരണസമിതിയെ പിരിച്ചുവിട്ട നടപടിയാണ് ജസ്റ്റിസ് എൻ.നഗരേഷ് ഒരു മാസത്തേക്ക് സ്റ്റേ

ചെയ്തത്. പ്രസിഡന്റും ഡയറക്ടർമാരും സമർപ്പിച്ച ഹർജിയിലാണ് ഇടക്കാല സ്റ്റേ.

കാർഷിക വികസന ബാങ്കിലെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ കഴിഞ്ഞ മാസം 30 നാണ് ഗവൺമെന്റ് പിരിച്ചുവിട്ടത്. 28നു ചേർന്ന ബാങ്കിന്റെ പൊതുയോഗം അലങ്കോലമായതിനെത്തുടർന്ന് തീരുമാനമെടുക്കാതെ പിരിഞ്ഞതിന്റെ പേരിൽ ഭരണ പ്രതിസന്ധിയുണ്ടെന്നു കാണിച്ചായിരുന്നു പിരിച്ചുവിടൽ.

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. വൈകീട്ട് 7.30 ന് ദുബായിലാണ് മത്സരം. ഉച്ചയ്ക്ക് നടക്കുന്ന മറ്റൊരു മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ദക്ഷിണാഫ്രിക്കയെ നേരിടും. മറ്റന്നാളാണ് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം.

ഇന്നലെ ഷാർജയിൽ രണ്ടാം മത്സരത്തിൽ പാകിസ്ഥാൻ ശ്രീലങ്കയെ 31 റൺസിന് പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോളിൽ ഭുവനേശ്വറിൽ , കേരള ബ്ലാസ്റ്റേഴ്സ് - ഒഡിഷ FC മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും 2 ഗോളുകൾ വീതം നേടി. ഇതോടെ ബ്ലാസ്റ്റേഴ്സ് പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്തെത്തി.

ഇന്ന് ഗോവ / നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും. രാത്രി ഏഴരക്ക് ഗോവയിലാണ് മത്സരം.

✪✪✪

കണ്ണൂരിൽ നടക്കുന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം നാളെ സമാപിക്കും. മൂന്ന് വിഭാഗങ്ങളിലായി 1,600 ഓളം കലാകാരന്മാരാണ് കലോത്സവത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ബേപ്പൂർ തുറമുഖത്തെ തൊഴിലാളികളുടെ കൂലി വർധിപ്പിക്കും. പോർട്ട് ഓഫീസർ വിളിച്ച യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്. തൊഴിലാളികൾക്ക് ഈ മാസം ഒന്ന് മുതൽ 2026 സെപ്തംബർ 30 വരെ നിലവിലെ കൂലിയുടെ 10 ശതമാനം വർധനയാണ് ലഭിക്കുക.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ വ്യാപക മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ ശക്തമായ മഴ ലഭിക്കും.

ഇന്ന് ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ലക്ഷദ്വീപിന് മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്ന സാഹചര്യത്തിൽ ആണ് സംസ്ഥാനത്ത് മഴ ശക്തമാകുന്നത്. വടക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ പുതിയ ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കോഴിക്കോട് ഉത്തരമേഖല സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വന്യജീവി വരാഘോഷം സംഘടിപ്പിച്ചു. വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകതയും പ്രസക്തിയും പൊതുജനങ്ങൾക്ക് പകർന്ന് നൽകുകയും വന്യജീവികളുടെ നിലനിൽപിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് വാരാഘോഷം സംഘടിപ്പിച്ചത്.

✪✪✪